(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി12-301/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:07.03.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്- കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി12-301/2020 തീയതി:07.03.2020

## കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.07.2018 മുതൽ 15.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി ഗീത എം<br>ജോയന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.01.2020 മുതൽ 16.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.മോഹൻ കുരുന്നംമനക്കൽ<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഷിനിത്ത് എ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.അഫ്സൽ ടി എം<br>ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. സജിത്ത് | 1.4.2018 മുതൽ<br>31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.പ്രജുകുമാർ കെ ടി | 1.4.2018 മുതൽ<br>11.1.2019 വരെ |
| | ശ്രീമതി. കെ. ജാനു,<br>ജോയന്റ് ബി.ഡി.ഒ | 12.1.2019മുതൽ<br>16.2.2019 വരെ |

| | | |
|---|---|---|
| | (R H) (പൂർണ്ണ ചുമതല) | |
| | ശ്രീ. കെ. ടി. പ്രജുകുമാർ | 17.2.2019മുതൽ 31.3.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ഗ്രേസി ജോസഫ് | 1.4.2018 മുതൽ 13.6.2018 വരെ |
| | ശ്രീ.ശ്രീശൻ | 14.6.2018 മുതൽ 31.3.2019വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. പി. അബ്ദുൽ അസീസ് | 1.4.2018 മുതൽ 31.03.019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. മുഹമ്മദ് നവാസ് | 1.4.2018 മുതൽ 31.3.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. എം. വിനോദ്കുമാർ | 1.4.2018 മുതൽ 30.6.2018 വരെ |
| | ശ്രീമതി. സിന്ധു എസ്. | 1.7.2018 മുതൽ 15.12.2018വരെ |
| | ശ്രീമതി. ബിന്ദു എസ്. | 16-12-2018 മുതൽ 31.3.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. കെ. പി. സിന്ധു | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്, താലൂക്ക് ആശുപത്രി ) | ഡോ. ജമീല | 1.4.2018 മുതൽ 31.3.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. എൻ. പവിത്രൻ | 1.4.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം | 1-7 |
| | | |

| | | |
|---|---|---|
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | പദ്ധതി ആസൂത്രണത്തിലെ അപാകത – 1.24 കോടിയോളം സർക്കാർ ഗ്രാന്റ് ലാപ്സായി | 1-9 |
| 10 | പദ്ധതി അവലോകനം | 1-10 |
| 11 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-11 |
| 12 | ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കൽ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 |
| 14 | ഐ.സി.ഡി.എസ് ഓഫീസിന് കമ്പ്യൂട്ടറും മൈക്ക് സെറ്റും ക്യാമറയും വാങ്ങൽ | 1-14 |
| 15 | കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രം - രേഖകൾ ഹാജരാക്കിയില്ല | 1-15 |
| 16 | അങ്കണവാടി സ്മാർട്ടാക്കൽ - സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-16 |
| 17 | കോസ്റ്റ് ഇൻഡക്സ് - പ്രാബല്യത്തിലുള്ള നിരക്കിനേക്കാൾ അധിക നിരക്ക് അനുവദിച്ചു | 1-17 |
| 18 | ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 1-18 |
| 19 | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വാർഡ് നിർമ്മാണം - പ്രവൃത്തി കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കിയില്ല | 1-19 |
| | ഭാഗം - 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം - 3 | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 20 | ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കൽ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| | ഭാഗം - 4<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 21 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 23 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 24 | മൊബിലേസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 25 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 26 | സ്ഥിര നിക്ഷപം | 4-6 |
| 27 | ഓഡിറ്റ് റിക്കവറി | 4-7 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 29 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

16-03-2018 ലെ 220/17-18 നമ്പർ തീരുമാനപ്രകാരം ബജറ്റ് പാസ്സാക്കി.

# 1-2 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എത്രമാത്രം കുറ്റമറ്റതാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു ആ സ്ഥാപനത്തിന്റെ പ്രവർത്തന വിജയം. ജീവനക്കാരുടെ അധികാര, ഉത്തരവാദിത്ത ബന്ധങ്ങൾ കൃത്യമായി നിർവ്വചിക്കപ്പെടുമ്പോഴാണ് നിയന്ത്രണ സംവിധാനം ഫലപ്രദമാകുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരുടെ ചുമതലാ വിഭജന രേഖയുടെ യഥാവിധിയുള്ള സൂക്ഷിപ്പ്, ചട്ടപ്രകാരം ഓഫീസിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തൽ എന്നിവ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് അത്യാവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

*അഡ്വാൻസ് രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പൂർണ്ണ വിവരം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

*ബ്ലോക്ക് പഞ്ചായത്തിലെ പർച്ചേസുകൾ നടത്തുന്നതിന് ജി.ഒ(പി) 259/2010/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്ന രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തന മികവ് സാധ്യമാക്കുന്നതിന് കുറ്റമറ്റ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവിഷ്കരിക്കേണ്ടതാണ്.

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 40298000 | 40298000 | 28874096 | 11423904 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-71000എസ്.സി.പി (ACR പ്രകാരം) | | 0 | 3398000 | 3398000 | 3398000 | 0 |
| 71000വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 711000 | 711000 | 711000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4775000 | 4775000 | 3711346 | 1063654 |
| സാക്ഷരത | | 0 | 89000 | 89000 | 89000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 200000 | 4925716 | 5125716 | 2741577 | 2384139 |
| | ജില്ലാ പഞ്ചായത്ത് | 2500000 | 1678833 | 4178833 | 3356411 | 822422 |
| ബി ഫണ്ട് | | | | | | |
| | ജനറൽ പർപ്പസ് ഗ്രാന്റ് | 980621 | 12782047 | 13762668 | 5263397 | 8499271 |

# 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-01-2020ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

# 1-5 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16896636 |
| വരവ് | 57704989 |
| ആകെ | 74601625 |
| ചെലവ് | 59800322 |
| നീക്കിയിരിപ്പ് | 14801303 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2019 | 2018-19 | 100/DPAW1/2018<br>Dt 17.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.02.2015 | 2013-14 | LBA (HQ) III/II/MISC/18-19<br>Dt. 03.05.2018 |

## 1-7 സ്റ്റാന്റിങ്ങ് കമ്മിറ്റികൾ , വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം

ഓരോ മേഖലയിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും രൂപം കൊടുക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും പങ്ക് വളരെ വലുതാണ്. വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഓരോ മേഖലയിലെയും വർക്കിങ്ങ് ഗ്രൂപ്പുകൾ വിശദമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിക്കൊണ്ടുള്ളതും സമഗ്രമായ വികസനം സാധ്യമാകുന്ന തരത്തിലും പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ലഭ്യമായ വിഭവങ്ങളെ പരമാവധി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുക (തൻവർഷം വൻ തുക സർക്കാർ ഗ്രാന്റ് ലാപ്സായത് സംബന്ധിച്ച പരാമർശം ഖണ്ഡിക കാണുക) ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അവയുടെ പരിധിയിൽ വരുന്ന 13 വർക്കിങ്ങ് ഗ്രൂപ്പുകളുടെയും മിനുട്സ് പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പ്രൊജക്റ്റ് ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്ററിങ്ങ് സംബന്ധിച്ച് ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല.

2. വർക്കിങ്ങ് ഗ്രൂപ്പുകൾ നാമമാത്രമായി മാത്രമെ യോഗങ്ങൾ ചേർന്നിട്ടുള്ളൂ. 2018-19 വർഷം എല്ലാ വർക്കിങ്ങ് ഗ്രൂപ്പുകളും 3 യോഗങ്ങൾ മാത്രമാണ് ചേർന്നത്.(16.10.18, 5.11.18, 5.12.18)

3. വർക്കിങ്ങ് ഗ്രൂപ്പ് യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല/അപൂർണമായി രേഖപ്പെടുത്തുന്നു. ഉദാ-ജൈവ വൈവിധ്യം മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി - 3.8.19, പട്ടികജാതി - 9.3.18, 16.10.18, ആരോഗ്യം - 5.11.18, യോഗങ്ങൾ,

4. വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സിൽ തീരുമാനങ്ങൾ എഴുതി ചേർത്ത ശേഷം ചെയർമാൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല. ഉദാ - പട്ടികജാതി -16.10.18, 5.11.18, 5.12.18, പൊതുമരാമത്ത് - 2018-19 ൽ നടന്ന ഒരു യോഗ തീരുമാനവും സാക്ഷ്യപ്പെടുത്തിയിട്ടില്ല
5. സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ, 2018-19 വർഷത്തെ പ്രൊജക്ട് രൂപീകരണം, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര യോഗങ്ങൾ ചേരുന്നതായും ബന്ധപ്പെട്ട വിഷയങ്ങളിൽ സജീവമായ ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 17 പ്രാവശ്യവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി 14 പ്രാവശ്യവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15 പ്രാവശ്യവും യോഗങ്ങൾ കൂടിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ 13-ാം പദ്ധതിരേഖ പ്രകാരമുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിഭവ ലഭ്യതയും വിനിയോഗവും ഫലപ്രദമാക്കുന്നതിനും നേതൃപരമായ പങ്ക് വഹിക്കുന്നതിൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ സാധ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനം ഉത്തരവാദിത്തത്തോടെ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ടെന്ന് പറയാനാവില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ഫലപ്രദമായി പ്രവർത്തനം കാഴ്ച വെക്കേണ്ടതും പ്രൊജക്ടുകളുടെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഭവ വിനിയോഗം കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കപ്പെടുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/15.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-8 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. കെ.ഡി.സി ബാങ്ക് സ്റ്റേറ്റ്മെന്റ് 28.03.2019 തീയതി വരെയുള്ളത് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

1. അടിസ്ഥാന അനുപാതങ്ങൾ (റോഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ സമർപ്പിച്ചിട്ടില്ല.
2. അഡ്വാൻസ് രജിസ്റ്റർ പൂർണല്ല. MGNREGS ജീവനക്കാർക്ക് നൽകിയ 311835/- രൂപ മാത്രമേ രജിസ്റ്ററിൽ കാണിച്ചിട്ടുള്ളൂ.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 30.04.2013 ന് ശേഷം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയില്ല.
4. സ്റ്റോക്ക് രജിസ്റ്റർ വാല്യൂബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

# 1-9 പദ്ധതി ആസൂത്രണത്തിലെ അപാകത-1.24 കോടിയോളം സർക്കാർ ഗ്രാന്റ് ലാപ്സായി

സർക്കാർ ബജറ്റ് അലോക്കേഷൻ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയിൽ 1.24 കോടിയിലധികം തുക വിനിയോഗിക്കാത്തതിനാൽ നഷ്ടമായിട്ടുണ്ട്. വിശദവിവരം താഴെ

ചേർക്കുന്നു.

| ഫണ്ടിനം<br><br>1 | ബജറ്റ് അലോക്കേഷൻ<br><br>2 | വകയിരുത്തൽ<br><br>3 | ചെലവ്<br><br>4 | ലാപ്സായ തുക<br><br>5 (2-4) |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു) | 40298000 | 44927990 | 28874096 | 11423904 |
| വികസന ഫണ്ട്(എസ്.സി.പി) | 3398000 | 3398000 | 3398000 | --- |
| വികസന ഫണ്ട്(ടി.എസ്.പി) | 711000 | 1079000 | 711000 | --- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | --- | --- | --- | --- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4775000 | 5315273 | 3711346 | 1063654 |
| | 49182000 | 54720263 | 36694442 | 12487558 |

തൻവർഷം 84 ശതമാനം പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കുന്നുമ്മൽ, കായക്കൊടി, കാവിലുമ്പാറ, നരിപ്പറ്റ, കുറ്റ്യാടി, മരുതോങ്കര, വേളം എന്നീ ഗ്രാമപഞ്ചായത്ത് മേഖലകളിലെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാമായിരുന്ന 1.24 കോടിയിലധികം സർക്കാർ ഗ്രാൻറ് വിനിയോഗിക്കാത്തതിനാൽ മേൽ ചേർത്ത പ്രകാരം നഷ്ടപ്പെട്ടു. കൃത്യമായ അടിസ്ഥാന വിവരങ്ങൾ വിശദകലനം നടത്തി പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രൊജക്ടുകൾ ആസൂത്രണം ചെയ്യാത്തതാണ് ഇതിനു കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാത്തത് പദ്ധതി രേഖപ്രകാരം ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയ്ക്ക് കാരണമാകും. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/13.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

# 1-10 പദ്ധതി അവലോകനം

2018-19 വർഷം കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പദ്ധതി ധന സഹായത്തിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | പദ്ധതി പ്രകാരം വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതുവിഭാഗം) | 44927990 | 28874096 | 64.26 |
| 2 | വികസന ഫണ്ട് (എസ് സി പി) | 3833000 | 3398000 | 88.65 |
| 3 | വികസന ഫണ്ട് (ടി എസ് പി) | 1079000 | 711000 | 65.89 |
| 4 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5315273 | 3711346 | 69.82 |
| | ആകെ | 55155263 | 36694442 | 66.52 |

2018-19 വർഷത്തിൽ ബജറ്റ് പ്രകാരം വകയിരുത്തിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു

| | |
|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 40298000 |
| വികസന ഫണ്ട് (എസ് സി പി) | 3398000 |
| വികസന ഫണ്ട് (ടി എസ് പി) | 711000 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4775000 |

വിവിധ നിർവഹണോദ്യോഗസ്ഥർ പദ്ധതി പണം ചെലവഴിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നിർവഹണം ചെയ്ത പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | സി ഡി പി ഒ | 5 | 5613853 | 5 | 2758380 | 49% |
| 2 | സെക്രട്ടറി | 13 | 16970623 | 12 | 15596070 | 92% |
| 3 | എസ്.സി.ഡി.ഒ | 5 | 2554500 | 5 | 2504000 | 98% |
| 4 | എ ഡി എ | 6 | 7669363 | 5 | 2023975 | 26% |
| 5 | ഡി ഇ ഒ | 2 | 2080000 | 2 | 2080000 | 100% |
| 6 | ഐ ഇ ഒ | 2 | 1300000 | 2 | 390000 | 30% |
| 7 | അസി എക്സി എൻജിനീയർ | 24 | 28773703 | 17 | 11525645 | 40% |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ | 5 | 4243807 | 5 | 3910567 | 92% |
| 9 | അസി എൻജിനീയർ | 1 | 0 | 0 | 0 | - |

2018-19 വർഷം ആകെ 63 പ്രൊജക്റ്റുകൾക്കാണ് ആസൂത്രണ സമിതി അംഗീകാരം നല്കിയിട്ടുള്ളത്. വിവിധ മേഖലകളിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ | | എസ്.സി.പി | | ടി.എസ്.പി | |
|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| ഉല്പാദനം | 15637020 | 7475575 | 1048000 | 280000 | --- | --- |
| സേവനം | 43932964 | 26997345 | 3683831 | 3258831 | 1848423 | 942203 |
| പശ്ചാത്തലം | 3175611 | 1834683 | --- | --- | --- | --- |
| ആകെ | 627455595 | 36307603 | 4731831 | 3538831 | 1848423 | 942203 |

ആകെ 63 പ്രൊജക്ടുകളിൽ 13 എണ്ണം സ്പിൽ ഓവറുകളാണ്. സ്പിൽ ഓവർ പ്രൊജക്ടുകൾ മുഴുവൻ നടപ്പാക്കിയിട്ടുണ്ട്. ആകെയുള്ള 63 പ്രോജക്ടുകളിൽ 53 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. ഉല്പാദന മേഖലയിലെ 3 ഉം സേവന മേഖലയിലെ 5 ഉം പഞ്ചാത്തല മേഖലയിലെ 2 ഉം അടക്കം ആകെ 10 പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

തൻവർഷം 84 ശതമാനം പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ബജറ്റ് അലോക്കേഷൻ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയിൽ **1.24 കോടിയിലധികം വിനിയോഗിക്കാത്തതിനാൽ നഷ്ടമായിട്ടുണ്ട്** (വിശദവിവരത്തിന് 1-9 കാണുക).

വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രൊജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് പരിഗണിച്ചായിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ അത്തരത്തിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യാനും നിർവ്വഹണം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ടോ എന്നത് വിശകലന വിധേയമാക്കേണ്ടതുണ്ട്. ഉദാഹരണമായി 2018-19 സ്റ്റാറ്റസ് റിപ്പോർട്ടിലെ കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം പരിസ്ഥിതി മേഖലയെ സംബന്ധിച്ച ആമുഖത്തിൽ നല്ല കാർഷിക കാലാവസ്ഥയും മണ്ണും ഉണ്ടായിട്ടും ശാസ്ത്രീയമായ കൃഷി രീതികളുടെ അഭാവം, ജലസേചന സൗകര്യക്കുറവ് എന്നിവ കാരണം ഉൽപാദനക്ഷമത കുറവാണെന്നും ഉൾനാടൻ മത്സ്യകൃഷിക്ക് ധാരാളം സാധ്യതകൾ ഉണ്ടായിട്ടും അവ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നും വ്യക്തമാക്കുന്നു. കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രം, തരിശു ഭൂമിയിൽ പാട്ടകൃഷി, മഴമറ നിർമ്മാണം എന്നീ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വിഭവ ലഭ്യതയെ വേണ്ടത്ര വിനിയോഗിക്കാതെയും നടപ്പാക്കിയ പ്രൊജക്ടുകളുടെ ഫല പ്രാപ്തി മോണിറ്ററിങ്ങിന് വിധേയമാക്കാതെയുമാണ് പ്രൊജക്ടുകൾ നടപ്പാക്കിയത്. ഉദാ. മഴമറ നിർമ്മാണം എന്ന പ്രൊജക്ട് പ്രകാരം ആകെ 2 പേർക്ക് ആനുകൂല്യം നല്കിയ വകയിൽ 40,000/- രൂപ മാത്രമാണ് ചെലവ്. കൂടാതെ തരിശു ഭൂമിയിൽ പാട്ടകൃഷി എന്ന പ്രൊജക്ട് പ്രകാരം ഭൂമിയുടെ അളവനുസരിച്ച് സാമ്പത്തിക സഹായം ഗുണഭോക്താക്കൾക്ക് അനുവദിച്ചെങ്കിലും

തരിശു ഭൂമിയിൽ കൃഷി ചെയ്യത് സംബനധിച്ച് കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ടോ വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ടോ ഇല്ല. മറ്റ് മേഖലകളിലെ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യതിലും നടപ്പാക്കിയതിലും ഈ രീതിയിൽ അപാകതയുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാത്തത് കൃത്യമായ മോണിറ്ററിങ്ങിന് വിധേയമാക്കാത്തതും പദ്ധതി രേഖ പ്രകാരം ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കും. വിഭവ ലഭ്യതയെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം, സമഗ്രവും ദീർഘ കാലത്തേക്കുള്ളതുമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-11 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

18.9.1995ലെ ജി.ഒ.(എം.എ) 189/95/എൽ.എസി.ജി.ഡി, 4.7.2000ലെ ജി.ഒ(പി)188/00/ എൽ.എസ്.ജി.ഡി ഉത്തരവുകൾ പ്രകാരം വികേന്ദ്രീകാണാസൂത്രണത്തിന്റെ ഭാഗമായി, സർക്കാരിൽ നിക്ഷിപ്തമായ ചുമതലകളും വിവിധ സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പാക്കേണ്ട സ്കീമുകൾക്കും വികസന പ്രവർത്തനങ്ങൾക്കുമുള്ള ഫണ്ട് കൈമാറ്റവും നടപ്പിലാക്കുകയുണ്ടായി. സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ, പ്രവൃത്തികൾ പൂർത്തീകരിക്കൽ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുടെ പ്രധാന പ്രവർത്തനമായി മാറി. കേരള സ്റ്റോർപർച്ചേസ് മാന്വൽ കൂടുതൽ കേന്ദ്രീകൃതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് പലപ്പോഴും അനുയോജ്യമാകുന്നില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനായി പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. (ജി.ഓ.(പി) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 8.11.10)

കൈമാറിക്കിട്ടിയ ഘടകസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ, വാർഷിക പദ്ധതികൾ പ്രകാരം ആർജ്ജിക്കേണ്ട സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും വാർഷിക ആവശ്യം നിർണ്ണയിച്ച് വാങ്ങൽ പ്രക്രിയ പൂർത്തിയാക്കുന്ന രീതിയാണ് മാർഗ്ഗരേഖയിൽ ലക്ഷ്യമാക്കിയത്. ഓരോ മേഖലയിലെയും വിദഗ്ധരടങ്ങിയ വാങ്ങൽ ടീമിന്റെ സാന്നിധ്യം, സോഷ്യൽ ഓഡിറ്റ് സംവിധാനം എന്നിവ, ആർജ്ജിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരവും സുതാര്യവും കാര്യക്ഷമവുമായ വിഭവ വിനിയോഗവും ഉറപ്പു തരുന്നതോടൊപ്പം ഒരേതരം സാധനങ്ങൾ ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം സാധ്യമാക്കുകയും ചെയ്യും.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാർഷിക ആവശ്യം കണക്കാക്കി മതിയായ ബജറ്റ് വിഹിതം ഉറപ്പുവരുത്തിക്കൊണ്ട് വ്യക്തമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം സമാഹരണ പ്രക്രിയ പൂർത്തിയാക്കേണ്ടത്. ഓരോ മേഖലയ്ക്കും ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും വിവരം തയ്യാറാക്കുന്നത് അതാത് മേഖലയിലെ വിദഗ്ധരടങ്ങിയ ടെക്നിക്കൽ(വർക്കിങ്ങ് ഗ്രൂപ്പ്) ടീമാണ്. പർച്ചേസിങ്ങ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ സെക്രട്ടറി/

നിർവ്വഹണോദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വാങ്ങൽ ടീമാണ് വിവിധ വർക്കിങ്ങ് ഗ്രൂപ്പുകൾ നല്കിയ റിക്വിസിഷൻ പ്രകാരമുള്ള സാധനങ്ങളും സേവനങ്ങളും വർഗ്ഗീകരിക്കുകയും വാങ്ങൽ പദ്ധതി തയ്യാറാക്കുകയും അന്തിമമാക്കുകയും ചെയ്യേണ്ടത്. സ്ഥാപനത്തിന്റെ പൊതു വിഭവങ്ങൾ വിനിയോഗിച്ച് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിലെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് ക്രിയാത്മകമായി ഇടപെടുന്നതിന് 50% സ്ത്രീ പ്രാതിനിധ്യമുള്ള സോഷ്യൽ ഓഡിറ്റ് കമ്മിറ്റി കൂടി ഈ സംവിധാനത്തിലുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പദ്ധതികൾ പ്രകാരം സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിന് 8.11.2010 ലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാറില്ല. ആയത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

എ) മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിച്ചിരിക്കേണ്ട വാങ്ങൽ സമിതി (Procurement committee) രൂപീകരിച്ചത് കമ്മിറ്റിയുടെ മിനുട്സ് രജിസ്റ്റർ പ്രകാരം 24.09.2016 ലാണ്.

ബി) പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സ് പ്രകാരം ആകെ 01.02.2017, 20.03.2017, 28.06.2017, 22.11.2017, 28.02.2018, 26.07.2018, 25.10.2018, 19.03.2019 തീയതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. 2017-18, 2018-19 വർഷങ്ങളിലെ ഏതാനും പർച്ചേസുകൾക്കുള്ള അംഗീകാര തീരുമാനമാണ് രേഖപ്പെടുത്തിയത്. ടെണ്ടറിൽ സൂചിപ്പിച്ച യഥാർത്ഥ സ്പെസിഫിക്കേഷൻ അംഗീകാര തീരുമാനത്തിൽ രേഖപ്പെടുത്തേണ്ടതുണ്ടെങ്കിലും അത്തരം നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

ഡി) മാർഗ്ഗരേഖയിൽ വ്യക്തമാക്കിയ പ്രകാരം വിവിധ ഘടക സ്ഥാപനങ്ങൾക്കും വിവിധ മേഖലയിലെ പദ്ധതികൾക്കുമാവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും റിക്വിസിഷൻ അതാത് മേഖലയിലെ വിദഗ്ധരടങ്ങിയ വർക്കിങ്ങ് ഗ്രൂപ്പുകൾ തയ്യാറാക്കി വാർഷിക ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിന് വാങ്ങൽ സമിതിക്ക് കൈമാറുകയുണ്ടായിട്ടില്ല. ഓരോ മേഖലയിലെയും പ്രൊജക്ടുകൾ പ്രകാരമുള്ള സമാഹരണ പ്രവർത്തനങ്ങൾ അതാത് നിർവ്വഹണോദ്യോഗസ്ഥർ തന്നെ പൂർത്തിയാക്കുകയാണ് ചെയ്തു വരുന്നത്.

വിവിധ പ്രൊജക്ടുകൾ പ്രകാരം ഒരേയിനത്തിൽപ്പെട്ട സാധനങ്ങൾ വിവിധ ഘട്ടങ്ങളിലായി 2018-19 വർഷം വാങ്ങിയിട്ടുണ്ട്. ഉദാഹരണമായി പ്രൊജക്ട്. നം 74/19, 12/19 എന്നിവ പ്രകാരം സി ഡി പി ഒ യും 27/19 പ്രകാരം സെക്രട്ടറിയും കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ പോലെ സങ്കീർണമായ സ്പെസിഫിക്കേഷൻ ഉള്ള ഉത്പന്നങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിലും, സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ തന്നെ സപ്ളൈ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിച്ചില്ല. കൂടാതെ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം വാങ്ങൽ പ്രക്രിയ പൂർത്തിയാക്കുന്നതു കൊണ്ടുള്ള സാമ്പത്തികവും ഗുണപരവുമായ മെച്ചം സ്ഥാപനത്തിനുണ്ടാകുന്നില്ല.

ഇ) സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

അപാകത പരിഹരിക്കേണ്ടതും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-12 ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കൽ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി നം. 35/19

പദ്ധതിയുടെ പേര് – ചാണകം ഉണക്കി പൊടിച്ച് ജൈവവളം ആക്കുന്ന യൂണിറ്റ്

അടങ്കൽ – 80000/- രൂപ

ചെലവ് – 80000/- രൂപ

നിർവഹണോദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

80000/- രൂപ (ബിൽ നം. 4/18-19/24/01/2019

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ, 2 പശുക്കളെങ്കിലുമുള്ള ക്ഷീര കർഷകർക്ക് ധനസഹായം നൽകിക്കൊണ്ട് പഞ്ചായത്തുകളിൽ ജൈവവള വിതരണം വർദ്ധിപ്പിക്കുന്നതിലേക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് ഇത്. ഇതിലേക്ക് വിവിധ പഞ്ചായത്തുകളിൽ നിന്നായി ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, 8 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും പദ്ധതി നടത്തിപ്പിലേക്ക് weighing machine ഉം അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കും മറ്റ് ചെലവുകളിലേയ്ക്കുമായി ഗുണഭോക്താക്കൾക്ക് 10000/-രൂപ നിരക്കിൽ സബ്സിഡി നൽകി. ചാണകം സിമന്റ് ചാക്കുകളിൽ കെട്ടിവെച്ച് ഉണങ്ങുന്ന മുറക്ക് അരിപ്പയിലൂടെ അരിച്ച് 1, 5, 10 കിലോ പാക്കറ്റുകളിലാക്കി ക്ഷീര സംഘങ്ങൾ/കുടുംബശ്രീ യൂണിറ്റുകൾ/ കാർഷിക കർമസേനകൾ എന്നിവയിലൂടെ വിറ്റഴിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും, ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെടുകയും ചെയ്തതിൽ ഭൂരിഭാഗം ഗുണഭോക്താക്കളും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഒരു പ്രവർത്തനവും നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ആനുകൂല്യം കൈപ്പറ്റിയ കർഷകരിൽ 2 പേർ മാത്രമാണ് മേൽ പ്രകാരം ജൈവവള വിതരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടുള്ളത്. മറ്റു ഗുണഭോക്താക്കൾ സ്വന്തം കൃഷിയിടങ്ങളിലേക്ക് മാത്രമാണ് ചാണകം ഉപയോഗിക്കുന്നത് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പദ്ധതി നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ച ഗുണഭോക്താക്കളിൽ നിന്നും ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ധനസഹായം നൽകിയതിനു ശേഷം, പദ്ധതി മോണിറ്ററിംഗ് നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതിക്കു വേണ്ടി പണം ചെലവിഴിക്കാത്ത 6 ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക 60,000/-രൂപ (10000x6) തിരികെ ഈടാക്കി വിവരം അറിയക്കേണ്ടതുമാണ്. പ്രവർത്തനം നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക |
|---|---|---|
| 1 | കൃഷ്ണൻ മാസ്റ്റർ, കുഴിച്ചാൽ, മോയിലോത്ര | 10,000 |
| 2 | രവീന്ദ്രൻ, കിളിയിൽ ഹൗസ്<br>അടുക്കത്തുർ പോസ്റ്റ്, കുറ്റ്യാടി | 10,000 |
| 3 | മാത്യു, തറക്കുന്നേൽ,<br>മരുതോങ്കര പോസ്റ്റ്, കാവിലുംപാറ | 10,000 |

| | | |
|---|---|---|
| 4 | ചന്ദ്രൻ, മന്തത്ത്, കുരിച്ചകം, കുറ്റ്യാടി | 10,000 |
| 5 | കുഞ്ഞിക്കണ്ണൻ, ചെട്യാംകണ്ടി, വേളോം, കുറ്റ്യാടി | 10,000 |
| 6 | മല്ലിക, മോയെങ്കോട്ട്, നരിപ്പറ്റ, കല്ലാച്ചി | 10,000 |
| | ആകെ | 60,000 |

# 1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

1) സെക്രട്ടറിയുടെ നിർവ്വഹണത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവ് വിവരം | വിഹിതം കൈപ്പറ്റിയ പഞ്ചായത്ത് |
|---|---|---|---|
| 1 | പദ്ധതി നം 79/19<br>പാറപ്പോയിൽ കുടിവെള്ള പദ്ധതി-കുന്നമ്മൽ പഞ്ചായത്തിന് വിഹിതം നൽകൽ | അടങ്കൽ 110000/- രൂപ<br>ചെലവ് 110000/- രൂപ<br>ബിൽ നം. 34/05-01-2019 | കുന്നമ്മൽ |
| 2 | പദ്ധതി നം 49/2019<br>വായാട് എസ് ടി കോളനി അങ്കണവാടി കെട്ടിടത്തിന് വിഹിതം നൽകൽ | അടങ്കൽ 1338223/- രൂപ<br>**ചെലവ് 568800/- രൂപ**<br>(231203/-രൂപ<br>ബിൽ നം. 31/27-12-2018<br>337597/-രൂപ<br>ബിൽ നം. 30/27-12-2018) | നരിപ്പറ്റ |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തൽ ചെലവു തുക 678800/- രൂപ തടസ്സത്തിൽ വെക്കുന്നു

2) പദ്ധതി നം – 11/19
പദ്ധതിയുടെ പേര് – ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ്

അടങ്കൽ തുക – 2000000/- രൂപ

നിർവഹണോദ്യോഗസ്ഥൻ – ഡയറി എക്സ്റ്റെൻഷൻ ഓഫീസർ
ചെലവ് തുക – 2000000/- രൂപ

1000000/- രൂപ (ബിൽ നം 01/18-19/24/07/2018)

600000/- രൂപ (ബിൽ നം 02/18-19/24/10/2018)

400000/- രൂപ (ബിൽ നം 03/18-19/10/01/2019)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് ലിറ്ററിന് പരമാവധി 4/- രൂപ നിരക്കിൽ ഇൻസെന്റീവ് അനുവദിക്കുന്നതിന് വേണ്ടി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം അനുവദിച്ചിട്ടുണ്ട്

| ക്രമ നം | പഞ്ചായത്തിന്റെ പേര് | തുക | വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | കാവിലുംപാറ | 700000 | ഇല്ല |
| 2 | നരിപ്പറ്റ | 300000 | ഉണ്ട് |
| 3 | കുന്നുമ്മൽ | 100000 | ഉണ്ട് |
| 4 | കുറ്റ്യാടി | 100000 | ഇല്ല |
| 5 | കായക്കൊടി | 200000 | ഇല്ല |
| 6 | വേളം | 200000 | ഇല്ല |
| 7 | മരുതോങ്കര | 400000 | ഉണ്ട് |
| ആകെ | | 2000000 | |

ഈ തുകകൾ പദ്ധതി ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന്, വിനിയോഗ സാക്ഷ്യ പത്രം വാങ്ങേണ്ടതാണ്. എന്നാൽ കാവിലുംപാറ, കുറ്റ്യാടി, കായക്കൊടി, വേളം ഗ്രാമ പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പഞ്ചായത്തുകൾക്ക് നൽകിയ തുക 12,00,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നു.

3. പ്രൊജക്റ്റ് നം. 42/19
പദ്ധതിയുടെ പേര് – ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സി.ഡി.പി.ഒ

അടങ്കൽ - 850,000/-രൂപ ,
ചെലവ് - 850,000/- രൂപ

1. 618750/-രൂപ (ബിൽ നമ്പർ 1/18-19/18.9.18)
2. 231250/-രൂപ (ബിൽ നമ്പർ 2/18-19/15.10.18)

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിലേക്ക് പ്രൊജക്റ്റ് പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകൾക്ക് നൽകിയ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പഞ്ചായത്ത് | തുക | റിമാർക്സ് |
|---|---|---|---|
| 1 | കുറ്റ്യാടി | 100,000 | |
| 2 | കായക്കൊടി | 125,000 | 17500/- രൂപയുടെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 3 | മരുതോങ്കര | 43750 | |
| 4 | വേളം | 2,00,000<br>ബിൽ തുക 618750/- | |

| | | | |
|---|---|---|---|
| 5 | മരുതോങ്കര | 31250<br>ബിൽ തുക 231250/- | |

മേൽ വിവരിച്ച 5 പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 3,92,500/- തടസ്സപ്പെടുത്തുന്നു

# 1-14 ഐ.സി.ഡി.എസ്. ഓഫീസിന് കമ്പ്യൂട്ടറും മൈക്ക് സെറ്റും ക്യാമറയും വാങ്ങൽ

പ്രൊജക്ട് നം. – 12/19

പ്രോജക്ടിന്റെ പേര് – എെ.സി.ഡി.എസ്. ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും മൈക്ക് സെറ്റും വാങ്ങൽ

അടങ്കൽ തുക – 80,000/- രൂപ

ചെലവ് തുക – 79,800/- രൂപ (ബിൽ നമ്പർ 2/18-19/27.09.2018 – 65,000/-രൂപ)

എെ.സി.ഡി.എസ്. ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും മൈക്ക് സെറ്റും വാങ്ങുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ശിശു വികസന പദ്ധതി ഓഫീസറുടെ 12.07.2018 ലെ നം. എെ.സി.ഡി.എസ്./ 218/18 നമ്പർ കത്ത് പ്രകാരം, നിലവിലുള്ള മൈക്ക് സെറ്റ് ബ്ലോക്ക് ഫണ്ടുപയോഗിച്ച് റിപ്പയറിംഗ് നടത്തി പ്രവർത്തന ക്ഷമമാക്കിയതിനാൽ 2 കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊജക്ട് ഭേദഗതി ചെയ്യണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ, 19.12.2019 ലെ 1610/2018-19 നമ്പർ ഭരണസമിതി തീരുമാന പ്രകാരം മൈക്ക് സെറ്റ് ഒഴിവാക്കി പകരം രണ്ട് കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ കമ്പ്യൂട്ടറുകൾ വാങ്ങിയ ഇനത്തിലുള്ള 65000/- രൂപയുടെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 79,808/- രൂപ ചെലവഴിച്ചതായി സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട് മുഴുവൻ ബില്ലുകളും പ്രൊജക്ടും, സ്റ്റോക്ക് രജിസ്റ്ററും മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്നതിന്റെ രേഖയും ആവശ്യപ്പെട്ട് നൽകിയ 5/18-19/13.01.2020 നമ്പർ അന്വേഷണകുറിപ്പിനു മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ചതിലധികമായി പിൻവലിച്ച തുക, 14,800/-രൂപ (79,800-65,000) തിരിച്ച് അടവാക്കി വവരം അറിയിക്കേണ്ടതാണ്.

# 1-15 കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രം-രേഖകളുടെ സൂക്ഷിപ്പ്

പ്രൊജക്ട് നം. – 3/19

പ്രോജക്ടിന്റെ പേര് - കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രം

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി ഡയറക്ടർ (കൃഷി)

അടങ്കൽ തുക – 833975/- രൂപ

ചെലവ് തുക –

750577/- രൂപ (ബിൽ നമ്പർ 4/18-19/27.11.18)

മേൽ പദ്ധതിയിലൂടെ കുന്നമ്മൽ ബ്ലോക്കിലെ യന്ത്ര വൽക്കരണം ആവശ്യമായ ഗ്രൂപ്പുകൾക്ക് 90% സബ്സിഡിയിൽ കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ്, കരാറുടമ്പടി, ഏതെല്ലാം യന്ത്രങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തു എന്നത് സംബന്ധിച്ച രേഖകൾ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ 1/18-19/09.01.2020 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 750577/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിയത് സംബന്ധിച്ച വിശദമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-16 അങ്കണവാടി സ്മാർട്ടാക്കൽ -സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പ്രൊജക്ട് നം. - 74/19

പ്രോജക്ടിന്റെ പേര് – അങ്കണവാടി സ്മാർട്ടാക്കൽ

അടങ്കൽ തുക - 44,63,853/- രൂപ

ചെലവ് തുക - 16,08,580/- രൂപ

12,83,580/- രൂപ (ബിൽ നമ്പർ 7/18-19/14.01.19)

25,000/- രൂപ (ബിൽ നമ്പർ 8/18-19/22.03.19)

3,00,000/- രൂപ (ബിൽ നമ്പർ 9/18-19/22.03.19)

മേൽ പദ്ധതിയിൽ കുന്നമ്മൽ ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലുള്ള 36 അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകളും യു.പി.എസ്.ഉം 50 അങ്കണവാടികൾക്ക് ഡസ്റ്റ് ബിൻ, കമ്പ്യൂട്ടർ ടേബിൾ, ചെയർ എന്നിവയും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ പഞ്ചായത്തുകളിലുള്ള ഏതെല്ലാം അങ്കണവാടികൾക്കാണ് ഇവ നൽകിയിരിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ (expendible stores) ഓഫീസ് ഫർണിച്ചർ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്(മാതൃക സർക്കുലറിനു അനുബന്ധമായി കാണിച്ചിട്ടുണ്ട്) കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ്‌വെയറുകൾ എന്നിവയുടെ വിശദാംശങ്ങളും, കമ്പ്യൂട്ടറിന്റെ configuration, make version, vendor, guarantee/warantee വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ആറു മാസത്തിലോ, പുതിയ കമ്പ്യൂട്ടറോ സോഫ്റ്റ്‌വെയറോ സ്ഥാപിക്കുമ്പോഴോ, മാറ്റം വരുത്തുമ്പോഴോ ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സോഫ്റ്റ്‌വെയറുകളുടെ ഒറിജിനൽ സിഡി/ഡിവിഡി എന്നിവ ലൈസൻസ്

സർട്ടിഫിക്കറ്റ് സഹിതം ഓഫീസ് മേധാവി safe custody – യിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ അത്തരം നടപടികളൊന്നും പാലിച്ചില്ല.

കൂടാതെ കമ്പ്യൂട്ടർ വാങ്ങിയ കെൽട്രോണുമായി കരാർ വെയ്ക്കുകയോ കമ്പ്യൂട്ടറുകളുടെ ഗ്യാരന്റി/ വാറന്റി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ 3/18-19/10.01.2020 നമ്പർ അന്വേഷണകുറിപ്പിനു മറുപടി ലഭിച്ചിട്ടില്ല. എന്നാൽ പിന്നീട് ഹാജരാക്കിയ രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ, ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-17 കോസ്റ്റ് ഇൻഡക്സ് - പ്രാബല്യത്തിലുള്ള നിരക്കിനേക്കാൾ അധിക നിരക്ക് അനുവദിച്ചു

പഞ്ചായത്തിലെ മരാമത്ത് പ്രോജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്ത വകയിൽ 2018-19 വർഷം കരാറുകാർക്ക് അധിക തുക നല്കിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട്, വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയത് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ ചില പ്രൊജക്ടുകളിൽ കോഴിക്കോടിന് ബാധകമായ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചു കൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണ്. ആയത് പ്രകാരം കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവു വരുത്തണമായിരുന്നു. 2018-19 ൽ കരാർ വച്ച പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ നാദാപുരം മേഖലയ്ക്ക് ബാധകമായ പുതിയ നിരക്കിലാണ് (39.22%) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം, 1.10.2017 നു ശേഷം കരാർ ചമച്ച്, പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 39.22 % നു പകരം 42.16% കോസ്റ്റ് ഇൻഡക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെ ചേർത്ത പ്രൊജക്ടുകളിൽ അധിക തുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം -

| ക്രമനം. | പ്രവൃത്തിയുടെ പേര്/കരാർ തീയതി/ കരാറുകാരൻ/ എം.ബുക്ക് | ആകെ പ്രവൃത്തിമൂല്യം | ബിൽ നം./ തീയതി |
|---|---|---|---|
| 1 | ബ്ലോക്കോഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ<br>പ്രൊജ.നം. – 54/19 ( SO)<br>കരാറുകാരൻ -ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>കരാർ തീയതി- 6.12.2017 | 375994 | 2/23.5.2018<br>10/30.11.18 |

| | | | |
|---|---|---|---|
| | എം.ബുക്ക് നം.-<br>296/17-18, 238/17-18<br>240/17-18, 241/17-18<br>സാങ്കേതികാനുമതി - നം. 64216/17-18/30.1.2018 | | |
| 2 | ബ്ലോക്കോഫീസ് കോമ്പൗണ്ടിൽ ശുചിത്വ സമുച്ചയം<br>പ്രൊജ.നം. - 55/19 ( SO)<br>കരാറുകാരൻ -ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>കരാർ തീയ്യതി- 6.12.2017<br>എം.ബുക്ക് നം.- 295/17-18<br>233/17-18, 244/17-18, 257/17-18, 256/17-18, 245/17-18<br>സാങ്കേതികാനുമതി - നം. 65153/17-18/30.1.2018 | 971832 | 22/12.3.18<br>01/23.5.18<br>11/30.11.18ബിൽ നം. |
| 3 | ബ്ലോക്ക് തല പ്ലാസ്റ്റിക് റിക്കവറി കേന്ദ്രം, മരുതോങ്കര<br>പ്രൊജ.നം. - 56/19 ( SO)<br>കരാറുകാരൻ -ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>കരാർ തീയതി- 6.12.2017<br>എം.ബുക്ക് നം.-<br>263/17-18, 281/17-18<br>സാങ്കേതികാനുമതി - നം. 75046/17-18/7.1.19 | 2607978 | ടി.എസ്.ബി. ചെക്ക് നം. 3126546/11.1.19<br>ടി.എസ്.ബി.ചെക്ക് നം. 3126547/14.1.19 |
| 4 | പൊട്ടയിൽമുക്ക് - പടിഞ്ഞാറക്കണ്ടി റോഡ് ടാറിങ്ങ്<br>പ്രൊജ.നം. - 53/19 ( SO)<br>കരാറുകാരൻ -ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>കരാർ തീയതി - 16.1.18 | 900000 | 23/12.3.18<br>15/21.3.18 |

| | | | |
|---|---|---|---|
| | എം.ബുക്ക്നം. 301/17-18<br>സാങ്കേതികാനുമതി - നം. 42998/1.8.17 | | |
| | **ആകെ** | **4855804** | |

മേൽ ചേർത്ത എല്ലാ പ്രോജക്ടുളിലും അധിക നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രകാരം കരാറുകാർക്ക് അധിക തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ ഡാറ്റ പരിശോധിച്ചതിൽ, പ്രൈസ് സോഫ്റ്റ് വെയറിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കുന്നത്, ഓരോ ഇനത്തിലെയും മാർക്കറ്റ് നിരക്ക് അനുവദിച്ച ഇനങ്ങൾ കഴിച്ചുള്ള നിരക്കിന്മേലാണ്. ആയത് പ്രകാരം മേൽ ചേർത്ത പ്രവൃത്തികളിൽ അർഹമായ 39.22% കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നതിന് പകരം 42.16 ശതമാനം അനുവദിച്ചതിനാൽ അധികമായി കരാറുകാർക്ക് തുക നല്കിയിട്ടുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(8/14.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കോസ്റ്റ് ഇൻഡക്സ് അധിക നിരക്ക് നല്കിയ വകയിലുള്ള തുക കണക്കാക്കി കരാറുകാരിൽ നിന്ന് തിരിച്ചീടാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

# 1-18 ഭിന്നശേഷിയുള്ളവർക്കുള്ള ഉപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് – ഭിന്നശേഷിയുള്ളവർക്കുള്ള ഉപകരണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ചൈൽഡ് ഡെവ. പ്രൊജക്ട് ഓഫീസർ

ബിൽ നമ്പർ 6/18-19
അടങ്കൽ 1,50,000/- രൂപ (ബിൽ നം. 6/18-19/27.01.2019)

**1. <u>നിരതദ്രവ്യം ഫയലിൽ സൂക്ഷിക്കുന്നു.</u>**

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 287 പ്രകാരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ സർക്കാരുമായി കരാർ ഉറപ്പിക്കുമ്പോൾ കരാറിന്റെ വിജയകരമായ പൂർത്തീകരണത്തിനായി സ്വീകരിക്കുന്ന നിരതദ്രവ്യങ്ങൾ/സുരക്ഷിത നിക്ഷേപങ്ങൾ (ആർട്ടിക്കിൾ 140 1 (a)) എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചു നൽകേണ്ട സമയത്ത് കൊടുക്കാൻ കഴിയാത്ത വിധം ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ പറഞ്ഞ പ്രൊജക്ടിൽ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങുന്നതിന് 20.07.2018 ന് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾക്കൊപ്പം സമർപ്പിച്ച നിരതദ്രവ്യങ്ങൾ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | Tap Gallery, Kannur | Bankers cheque No. 847597 dt. 04.08.18 | 1500 |
| 2 | Volker Motors, Kannur | 847596 dt. 4.08.18 | 1500 |

ധനകാര്യ വകുപ്പ് (സ്കീം ലൈനിംഗ് ) 27.08.2010 ലെ 80/10/ധന. നമ്പർ സർക്കുലർ അനുസരിച്ച് ഇപ്രകാരം ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പബ്ലിക് അക്കൗണ്ടിന് കീഴിലെ 8443 സിവിൽ

ഡെപ്പോസിറ്റ്സ്-00-103 സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ് ) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കേണ്ടതും തിരിച്ച് നൽകേണ്ട സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്നു തന്നെ തത്തുല്യമായ തുക നൽകേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.

**2.<u>ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ല.</u>**

മേൽ പദ്ധതിയിൽ മുച്ചക്ര വാഹനം ലഭിച്ച ഗുണഭോക്താക്കളായ ശ്രീ. അസീസ് അയനോളി, ശ്രീ. ആനന്ദബാബു എന്നിവർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**3. <u>വിതരണ രജിസ്റ്റർ</u>**

വാഹനങ്ങൾ വിതരണം ചെയ്തതിന്റെയും വാഹനത്തിന്റെയും വിവരങ്ങളടങ്ങിയ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ 4/18-19/13.01.2010 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭിച്ചിട്ടില്ല.

# 1-19 കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വാർഡ് നിർമ്മാണം - പ്രവൃത്തി കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കിയില്ല.

പ്രൊജ. നം. 39/19

വകയിരുത്തിയ തുക - 36,89,103/-രൂപ (വികസന ഫണ്ട്)

ചെലവ് - 10,88,752/-രൂപ(2018-19ലെ ക്യൂ.ബിൽ 1/21.5.2019ന് പാസ്സായത്)

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ - ശ്രീ മുഹമ്മദ് ഫൈജാസ്

സാങ്കേതികാനുമതി - നം. LSGD/TS/18-19/87739 തീയ്യതി 11.9.18

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ രോഗികളുടെ തിരക്ക് പരിഗണിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും 3 നിലയിലേക്കുള്ള പ്രത്യേക വാർഡ് 2018-19, 2019-20 വർഷങ്ങളിലായി നിർമ്മിക്കുന്നതിനാണ് പ്രൊജക്ട്. ആകെ 99,98,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും 26.9.18 ലെ ടെണ്ടർ പ്രകാരം കുറഞ്ഞ തുക 82,54,001/-രൂപ ക്വാട്ട് ചെയ്ത ശ്രീ മുഹമ്മദ് ഫൈജാസ്, പള്ളിക്കരൈ, കാസർകോട് എന്ന കരാറുകാരന് 5.10.2018 ന് സെലക്ഷൻ നോട്ടീസ് നല്കുകയും തുടർന്ന് 20.10.18 ന് ടിയാനുമായി അസി.എക്സി.എഞ്ചിനീയർ കരാർ ചമയ്ക്കുകയും ചെയ്തു(നം. AEE/KBP/07/2018-19(7)).

കരാർ വ്യവസ്ഥ പ്രകാരം 10 മാസത്തിനുള്ളിൽ അതായത് 20.8.2019 തീയ്യതിക്കകം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് സൈറ്റ് കൈമാറേണ്ടതായിരുന്നു. പ്രാരംഭ പ്രവൃത്തികൾ പൂർത്തിയാക്കുകയും കെട്ടിടത്തിന്റെ കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കുകയും ചെയ്ത പ്രകാരം 10,88,752/-രൂപയുടെ പാർട്ട് ബിൽ (ക്യൂ ബിൽ ആയതിനാൽ 2018-19 വർഷം പേമെന്റ് നടന്നില്ല) നിയമാനുസൃത നികുതികളും 2.5%

റിട്ടെൻഷൻ തുകയും കഴിച്ച് 10,17,981/- രൂപ കരാറുകാരനായ ശ്രീ.മുഹമ്മദ് ഫൈജാസിനു നല്കിയിട്ടുണ്ട് (ബിൽ നം. 1/21.05.19) കരാർ പ്രകാരം 20.8.19 നുള്ളിൽ പൂർത്തിയാക്കേണ്ട പ്രവൃത്തിയിൽ തുടർന്ന് പുരോഗതിയൊന്നും കാണാത്തതിനാൽ 17.6.2019 ന് കരാറുകാരന് അസി.എക്സി.എഞ്ചിനീയർ നോട്ടീസ് നല്കിയെങ്കിലും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. എന്നാൽ മഴ, പ്രളയം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് എന്നിവ ചൂണ്ടിക്കാട്ടി 1.11.2019 നാണ് 4 മാസത്തെ കാലാവധി ദീർഘീകരണം സംബന്ധിച്ച അപേക്ഷ കരാറുകാരൻ നല്കിയത്. തുടർന്ന് 31.1.2020 വരെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് കരാറുകാരനുമായി ഒരു സപ്ലിമെന്ററി കരാർ ചമയ്ക്കുകയുണ്ടായി.

പുതിയ സാഹചര്യത്തിൽ 30.1.2020 ന് പൂർത്തിയാക്കേണ്ട പ്രവൃത്തിയുടെ പുരോഗതി അറിയുന്നതിന്, 15.1.2020നു നടത്തിയ സ്ഥലപരിശോധനയിൽ, പണിസ്ഥലം കാട് കയറി, നിർമ്മിച്ച കോൺക്രീറ്റ് തൂണുകൾ കാട്ടുപടർപ്പുകൾ നിറഞ്ഞ് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണെന്ന് കണ്ടു. കേവലം 15 ദിവസത്തെ പൂർത്തീകരണ കാലാവധി മാത്രം ശേഷിക്കേ പ്രവൃത്തിയിൽ യാതൊരു പുരോഗതിയും കൈവരിക്കാൻ കഴിയില്ല എന്ന് വ്യക്തമായിട്ടുണ്ട്. കരാർ പ്രകാരമുള്ള പൂർത്തീകരണ സമയത്തിനുള്ളിൽ പണി പൂർത്തിയാകാത്തത് കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദിത്തപരമായ സമീപനമാണെന്നിരിക്കെ ഇയാൾക്കെതിരെ യാതൊരുവിധ നിയമ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി കാലാവധി ദീർഘീകരണം, പിഴ ചുമത്തൽ സംബന്ധിച്ച് ജി.ഒ(പി) 13/2012 പി.ഡബ്ല്യൂ.ഡി/1.2.2012 കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2112 ലും കരാർ വ്യവസ്ഥകൾ പ്രകാരം, പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സാഹചര്യത്തിലോ കരാറുകാരനെതിരെ സ്വീകരിക്കേണ്ട നിയമ നടപടികൾ സംബന്ധിച്ച് മാന്വലിലെ സെക്ഷൻ 2116 ലും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം നിയമനടപടികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി നോട്ടീസ് അയയ്ക്കുക തുടങ്ങി കരാറുകാരനെതിരെ സ്വീകരിക്കേണ്ട നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാകാത്തത്, ലഭ്യമായ സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടാനിടയാക്കും (തൻവർഷം 1.24 കോടിയിലധികം സർക്കാർ ഗ്രാന്റ് വിനിയോഗിക്കാത്തത് കാരണം ലാപ്സായിട്ടുണ്ട്) എന്ന വസ്തുത പരിഗണിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/16.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കൽ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി നം. 35/19

പദ്ധതിയുടെ പേര് – ചാണകം ഉണക്കി പൊടിച്ച് ജൈവവളം ആക്കുന്ന യൂണിറ്റ്

അടങ്കൽ – 80,000/- രൂപ

ചെലവ് – 80,000/- രൂപ

നിർവഹണോദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

80,000/- രൂപ (ബിൽ നം. 4/18-19/24/01/2019

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ, 2 പശുക്കളെങ്കിലുമുള്ള ക്ഷീര കർഷകർക്ക് ധനസഹായം നൽകിക്കൊണ്ട് പഞ്ചായത്തുകളിൽ ജൈവവള വിതരണം വർദ്ധിപ്പിക്കുന്നതിലേക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് ഇത്. ഇതിലേക്ക് വിവിധ പഞ്ചായത്തുകളിൽ നിന്നായി ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, 8 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും പദ്ധതി നടത്തിപ്പിലേക്ക് weighing machine ഉം അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കും മറ്റ് ചെലവുകളിലേയ്ക്കുമായി ഗുണഭോക്താക്കൾക്ക് 10000/-രൂപ നിരക്കിൽ സബ്സിഡി നൽകി. ചാണകം സിമന്റ് ചാക്കുകളിൽ കെട്ടിവെച്ച് ഉണങ്ങുന്ന മുറക്ക് അരിപ്പയിലൂടെ അരിച്ച് 1, 5, 10 കിലോ പാക്കറ്റുകളിലാക്കി ക്ഷീര സംഘങ്ങൾ/കുടുംബശ്രീ യൂണിറ്റുകൾ/ കാർഷിക കർമസേനകൾ എന്നിവയിലൂടെ വിറ്റഴിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും, ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെടുകയും ചെയ്തതിൽ ഭൂരിഭാഗം ഗുണഭോക്താക്കളും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഒരു പ്രവർത്തനവും നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ആനുകൂല്യം കൈപ്പറ്റിയ കർഷകരിൽ 2 പേർ മാത്രമാണ് മേൽ പ്രകാരം ജൈവവള വിതരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടുള്ളത്. മറ്റു ഗുണഭോക്താക്കൾ സ്വന്തം കൃഷിയിടങ്ങളിലേക്ക് മാത്രമാണ് ചാണകം ഉപയോഗിക്കുന്നത് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പദ്ധതി നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ച ഗുണഭോക്താക്കളിൽ നിന്നും ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ധനസഹായം നൽകിയതിനു ശേഷം, പദ്ധതി മോണിറ്ററിംഗ് നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതിക്കു വേണ്ടി പണം ചെലവിഴിക്കാത്ത 6 ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക 60,000/-രൂപ (10000x6) തിരികെ ഈടാക്കി വിവരം അറിയക്കേണ്ടതുമാണ്. പ്രവർത്തനം നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക |
|---|---|---|
| 1 | കൃഷ്ണൻ മാസ്റ്റർ, കുഴിച്ചാൽ, മോയിലോത്ര | 10,000 |
| 2 | രവീന്ദ്രൻ, കിളിയിൽ ഹൗസ്<br>അടുക്കത്തുർ പോസ്റ്റ്, കുറ്റ്യാടി | 10,000 |
| 3 | മാത്യു, തറക്കുന്നേല്,<br>മരുതോങ്കര പോസ്റ്റ്, കാവിലുംപാറ | 10,000 |

| | | |
|---|---|---|
| 4 | ചന്ദ്രൻ, മന്തത്ത്, കുരിച്ചകം, കുറ്റ്യാടി | 10,000 |
| 5 | കുഞ്ഞിക്കണ്ണൻ, ചെട്യാംകണ്ടി, വേളോം, കുറ്റ്യാടി | 10,000 |
| 6 | മല്ലിക, മോയെങ്കോട്ട്, നരിപ്പറ്റ, കല്ലാച്ചി | 10,000 |
| | ആകെ | 60,000 |

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018–19 | 13.08.2019 മുതൽ 14.08.2019 വരെ | നമ്പർ.കെ.എസ്.എ.കെ.കെ.ഡി.<br>ഇ.2/887/2019(77)23.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മരുതോങ്കര ഗ്രാമപഞ്ചായത്ത് | 2018-19 | 1000000 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രത്തിൽ മെഷീൻ സ്ഥാപിക്കൽ | 982943 | 17057 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | തരിശ്ശു ഭൂമിയിൽ പാട്ടകൃഷി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രം, മരുതോങ്കര | 1977578 | 22422 |
| മരുതോങ്കര ഗ്രാമപഞ്ചായത്ത് | 2017-18 | 200000 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രം, മരുതോങ്കര | 130400 | 69600 |
| ജില്ലാ | 2018-19 | 1000000 | ബ്ലോക്ക് തല പ്ലാസ്റ്റിക് റിക്കവറി | 200000 | 800000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കേന്ദ്രം വയറിംഗും മറ്റു പ്രവൃത്തികളും | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 488833 | പി എം എ വൈ (ജനറൽ) | 488833 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 190000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 190000 | 0 |
| കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | 2018-19 | 40000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 40000 | 0 |
| കാവിലുംപാറ ഗ്രാമപഞ്ചായത്ത് | 2018-19 | 300000 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 300000 | 0 |
| കാവിലുംപാറ ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | പി എം എ വൈ (ജനറൽ) | 100000 | 0 |
| മരുതോങ്കര ഗ്രാമപഞ്ചായത്ത് | 2018-19 | 1027716 | അംഗൻവാടി സ്മാർട്ടാക്കൽ | 0 | 1027716 |
| മരുതോങ്കര ഗ്രാമപഞ്ചായത്ത് | 2018-19 | 150000 | അംഗൻവാടി സ്മാർട്ടാക്കൽ | 0 | 150000 |
| കാവിലുംപാറ ഗ്രാമപഞ്ചായത്ത് | 2018-19 | 1028000 | അംഗൻവാടി സ്മാർട്ടാക്കൽ | 0 | 1028000 |
| കായക്കൊടി ഗ്രാമപഞ്ചായത്ത് | 2018-19 | 977820 | അംഗൻവാടി സ്മാർട്ടാക്കൽ | 0 | 977820 |
| കായക്കൊടി ഗ്രാമപഞ്ചായത്ത് | 2018-19 | 302180 | അംഗൻവാടി സ്മാർട്ടാക്കൽ | 14634 | 287546 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ ലോൺ | സ. ഉ. (എം.എസ്) 306/11/ ത.സ്വ.ഭ.വ തീയതി 7.12.2011 | 2018-19 | 0 | 2241464 | 18,37,244 | - | 404220 (പലിശ തുക ) |
| ഐ.എ.വൈ. ഭവന നിർമ്മാണം | സ. ഉ. (എം.എസ്) 90/13/ ത.സ്വ.ഭ.വ തീയതി14.3.2013 | 2018-19 | 0 | 35,40,908 | 6,62,756 | - | 3091895 (മുതലും പലിശയും ഉൾപ്പടെ) |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2002-03 | | 350 | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി കുറ്റ്യാടി | 0464025/ 17.04.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1 | ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാ ലംഘനം | തീർപ്പാക്കിയിട്ടില്ല |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,77,04,989 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,98,00,322 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3021877 |

**(ബി). <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 60,000 | ശ്രീ.മുഹമ്മദ് നവാസ്<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13(1) | 6,78,800 | പ്രജുകുമാർ കെ ടി, സെക്രട്ടറി |
| 1-13(2) | 12,00,000 | മുഹമ്മദ് നവാസ്, ക്ഷീര വികസന ഓഫീസർ |
| 1-13(3) | 3,92,500 | സിന്ധു കെ പി, സി ഡി പി ഒ |
| 1-15 | 7,50,577 | ശ്രീമതി.ബിന്ദു എസ്, അസി.ഡയറക്ടർ (കൃഷി) |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സ്ഥിരം മേൽവിലാസവും |
|---|---|
| 1-13(1) | പ്രജുകുമാർ കെ ടി, കെച്ചേരി തറമ്മൽ<br>മൊകേരി പി ഒ, കോഴിക്കോട് 673 507 |
| 1-12 & 1-13(2) | മുഹമ്മദ് നവാസ്, പുല്ലാട്ട്, നരിക്കുനി പി ഒ<br>കോഴിക്കോട് 673 585 |
| 1-13(3) | സിന്ധു കെ പി, ആദിത്യ മാധവം<br>ചെങ്കോട്ടുകോണം, ചെമ്പഴന്തി പി ഒ<br>തിരുവനന്തപുരം 695 871 |
| 1-15 | ശ്രീമതി.ബിന്ദു എസ്, കല്ലുംപുറത്ത് വീട്, നെന്മണി പി ഒ<br>ചെങ്ങന്നൂർ |

**(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| ഖണ്ഡിക നം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1-12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസ്<br>വട്ടോളി (പി.ഒ) | മുഹമ്മദ് നവാസ്, പുല്ലാട്ട്,<br>നരിക്കുനി പി ഒ<br>കോഴിക്കോട് 673 585 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(2) തീയതി. 25.5.2018 | 2 (40, 44) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(3) തീയതി. 25.5.2018 | 6 (9, 11, 12, 15, 16, 17) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(5) തീയതി. 25.5.2018 | 1 (3-3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(6) തീയതി. 25.5.2018 | 6 (3-2, 3-3, 3-4, 3-5, 3-6, 3-8) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/2023/2017 തീയതി.27.03.2018 | 3 (2-1, 3-1, 3-4) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി7/1958/18 തീയതി. 16.10.2018 | 10 3-2, 3-3, 3-6(5), 3-7, 3-8, 3-9, 3-11(2) (3) (5), 3-12, |

**ജോയിന്റ് ഡയറക്ടർ**
**ജില്ലാഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.കെ.കെ.ഡി.പ12/301/2020 തീയതി. 07.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, 4ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക്പഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ജോയിന്റ് ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**